# കേരള നിയമസഭാ നടപടികൾ

## അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 27, ചൊവ്വ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 28

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1979 മാർച്ച് 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലിചേംബറിൽ കൂടി.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

### ക്ലെയിംസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം

* 624 [681] ശ്രീ. സേവ്യർ അറയ്ക്കൽ:
,, ടി.എച്ച്. മുസ്തഫ:
,, പി. ബാലൻ:
,, എം.വി. രാജൻ:
,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ക്ലെയിംസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം മന്ദഗതിയിലാണ് നടക്കുന്നതെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ അന്വേഷിക്കുമോ;

(സി) സ്റ്റേറ്റിൽ എത്ര ക്ലെയിംസ് ട്രൈബ്യൂണലുകളുണ്ട്;

(ഡി) എവിടെയെല്ലാം;

(ഇ) ഇവയോടനുബന്ധിച്ച് ആവശ്യത്തിന് സ്റ്റാഫ് ഇല്ലെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) മോട്ടോർ ആക്സിഡൻറ്സ് ക്ലെയിംസ് ട്രൈബ്യൂണൽസ് റൂൾസ് പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയിൻമേൽ തീർപ്പ് കൽപ്പിക്കുവാൻ അധികാരപ്പെടുത്തിയിരിക്കുന്നത് ഡിസ്ട്രിക്റ്റ് ആൻറ് സെഷൻസ് ജഡ്ജിമാരെയാണ്. പ്രത്യേക ട്രൈബ്യൂണലുകളും ഒന്നും ഇപ്പോഴും നിലവിലില്ല. ഡിസ്ട്രിക്റ്റ് ആൻറ് സെഷൻസ് ജഡ്ജിമാരുടെ ജോലിഭാരം കൂടുതലായതുകൊണ്ട് മോട്ടോർ ആക്സിഡൻറ്സ് ക്ലെയിംസ് റൂൾസ് അനുസരിച്ചു സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൻമേൽ തീർപ്പു കൽപ്പിക്കുവാൻ കാലതാമസം വരുന്നുണ്ട്.

(സി) മോട്ടോർ ആക്സിഡൻറ്സ് കേസ്സുകളും തീരുമാനിക്കുവാൻ പ്രത്യേക ട്രൈബ്യൂണലുകളും ഒന്നും ഇപ്പോഴും നിലവിലില്ല. എന്നാൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രത്യേക ട്രൈബ്യൂണലുകളും നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അവ നിലവിൽ വന്നുകഴിഞ്ഞിട്ടില്ല.

(ഡി) പ്രോദ്യം ഉദിക്കുന്നില്ല.

(ഇ) പ്രോദ്യം ഉദിക്കുന്നില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: മൂന്നു സ്ഥലങ്ങളിൽ ഇത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. വളരെക്കാലമായ കേസ്സുകളും കെട്ടിക്കിടക്കുകയാണ്. അതിൻമേൽ എളുപ്പത്തിൽ തീരുമാനമെടുക്കുന്നതിനുവേണ്ടിയാണ് ഈ ട്രൈബ്യൂണലുകളും ഉണ്ടാക്കിയത്. ഈ മൂന്നു സ്ഥലങ്ങളിലും എപ്പോഴും ഈ ട്രൈബ്യൂണലുകളും ഉണ്ടാക്കുവാൻ സാധിക്കുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഏപ്രിൽ 1-ാം തീയതി മുതൽ നിലവിൽ വരുവാൻ വേണ്ട നടപടി എടുക്കുന്നതാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: നഷ്ടപരിഹാരം ലഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷയിൻമേൽ തീർപ്പുകൽപ്പിക്കുവാൻ അധികാരപ്പെടുത്തിയിരിക്കുന്നത് ഡിസ്ട്രിക്ട് ആൻറ് സെഷൻസ് ജഡ്ജിമാരെയാണ്. ഈ മൂന്നു സ്ഥലങ്ങളിൽ കൂടാതെ മറ്റു സ്ഥലങ്ങളിലും ഇതിനുവേണ്ടി പ്രത്യേക ട്രൈബ്യൂണലുകളും ഉണ്ടാക്കുകയും പ്രത്യേകം ജഡ്ജിമാരെ നിയമിക്കുകയും ചെയ്യുന്നതിന് മുൻകൈ എടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേരള സംസ്ഥാനത്തെ മൂന്നു മേഖലകളായി തിരിച്ച് ആ മൂന്നു കേന്ദ്രങ്ങളിലും വച്ച് 11 ജില്ലകളിലെയും കേസ് തീരുമാനിക്കുവാൻ വേണ്ടിയാണ് ജഡ്ജിമാരെ നിയമിക്കുവാനുദ്ദേശിക്കുന്നത്.

ശ്രീ. പി. ബാലൻ: ഡിസ്ട്രിക്ട് ആൻറ് സെഷൻസ് ജഡ്ജിമാരെ എടുത്ത് പ്രത്യേകം സെക്ഷൻ രൂപീകരിച്ച് അതിനുവേണ്ടി പ്രത്യേക സ്റ്റാഫിനെ കൊടുത്ത് ആഴ്ചയിൽ ഇത്രദിവസം ക്ലെയിം വിചാരണ ചെയ്യാൻ ഉള്ള സംവിധാനം ഉണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ആഴ്ചയിൽ മാത്രമല്ല, എല്ലാ പ്രവൃത്തിദിവസങ്ങളിലും ഈ കേസ് കേൾക്കുവാനുള്ള ഏർപ്പാട് ഉണ്ട്.

ശ്രീ. പി. ബാലൻ: ഇത് സംബന്ധിച്ച് എത്ര കേസ്സുകളുണ്ട്, എത്ര കൊല്ലം പഴക്കംചെന്ന കേസ്സുകളാണ് കെട്ടിക്കിടക്കുന്നത് എന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എത്ര കൊല്ലത്തെ പഴക്കംചെന്ന കേസ്സുകളാണെന്നു ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. എത്ര കേസ്സുകൾ ഉണ്ടെന്നു വേണമെങ്കിൽ പറയാം.

ശ്രീ. എം. രാഘവൻ മാസ്റ്റർ: എത്ര കേസ്സുകളുണ്ടെന്നു പറയാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: തിരുവനന്തപുരത്ത് 673, എറണാകുളത്ത് 1,143, കോഴിക്കോട് 888.

ശ്രീ. കെ. ചന്ദ്രശേഖരൻ: മൂന്നു മേഖലാ ട്രൈബ്യൂണലുകളും മൂന്നു സ്ഥലങ്ങളിലായി വയ്ക്കുവാൻ തീരുമാനിച്ചത് സ്വാഗതാർഹം തന്നെയാണ്. പക്ഷെ പല സ്ഥലങ്ങളിൽനിന്നും ധാരാളം കേസ്സുകൾ വരുന്നതുകൊണ്ട് പാവപ്പെട്ട ആളുകൾക്കു ഇത്തരം സ്ഥലങ്ങളിൽ പോകുന്നതിന് ബുദ്ധിമുട്ടുള്ളതുകൊണ്ട് ഈ ട്രൈബ്യൂണലുകൾ ക്യാമ്പ് ട്രൈബ്യൂണലുകളായി മാറുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോ കേന്ദ്രങ്ങളിലും മൂന്നും നാലും ജില്ലകളുണ്ട്. പ്രത്യേക സിറ്റിംഗ് വച്ച് ഇത്തരം ആളുകളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ. കെ.പി. നൂറുദ്ദീൻ: മൂന്നു സ്ഥലങ്ങളിലായി ധാരാളം കേസ്സുകൾ കെട്ടിക്കിടപ്പുണ്ടെന്നു പറഞ്ഞു. അപ്പോൾ വളരെ പഴക്കംചെന്ന കേസ്സുകളും ആ കൂട്ടത്തിൽ ഉണ്ടായിരിക്കും. ചില ആളുകൾക്ക് എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ പാറാത്ത സാഹചര്യമുള്ളതുകൊണ്ട് കഴിയുന്നത്ര തീരുമാനമെടുക്കുവാൻ കഴിയുന്നില്ല. എന്നാൽ കൈകാര്യം ചെയ്യുവാൻ കഴിയുന്ന കേസ്സുകൾ മാത്രമാണ് എടുത്ത് തീരുമാനമെടുക്കുന്നത്. അതുകൊണ്ട് ഓരോ കേസ്സിലും ഒരു കാലാവധി നിശ്ചയിച്ച് ഇത്ര മാസത്തിനകം തീർക്കണമെന്നു പറഞ്ഞുകൊണ്ട് എന്തെങ്കിലും പെതുവായ നിർദ്ദേശം കൊടുക്കുവാൻ കഴിയുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രത്യേക ട്രൈബ്യൂണലുകൾ രൂപീകരിച്ച് വളരെവേഗത്തിൽ പഴയ കേസ്സുകൾ തീരണമെന്നും തീർക്കണമെന്നും ആണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. പി. ആർ. കുറുപ്പ്: സാധാരണജനങ്ങൾക്ക് ഇത്തരത്തിലുള്ള ട്രൈബ്യൂണലുകൾ ഉണ്ടായിരുന്നിട്ടും അതൊക്കെ ചെയ്യുന്നതിന് വേണ്ടത്ര സഭ ഇല്ലെന്നാണറിയുന്നത്. സാധാരണ ആക്സിഡന്റ് ഉണ്ടാകുമ്പോൾ വളരെയധികം കേസ്സുകളും കാമ്പയിൻ ചെയ്ത് എന്തെങ്കിലും തുക കൊടുത്ത് ഒത്തുതീർപ്പാക്കുകയാണ് ചെയ്യുന്നത്. ആ സമ്പ്രദായം മാറ്റി എഫ്.ഐ.ആർ. എഴുതി ട്രൈബ്യൂണലിൽ അയയ്ക്കുവാനും ട്രൈബ്യൂണലിൽവച്ച് തീരുമാനമുണ്ടാക്കുവാനും ഇതുപോലെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രത്യേക ട്രൈബ്യൂണലുകൾ നിലവിൽവന്നാൽ വളരെ എളുപ്പമാക്കുവാൻ വേണ്ടിയുള്ള എന്തെങ്കിലും സംവിധാനമുണ്ടാക്കി നഷ്ടപരിഹാരം കൊടുക്കുവാനും ക്ലെയിംസ് കൊടുക്കുവാനും വേണ്ട ഏർപ്പാട് ചെയ്യാം.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: മൂന്നു മേഖലകളിൽ ഏപ്രിൽ മാസത്തിൽ ട്രൈബ്യൂണലുകൾ നിലവിൽവരുമെന്നു മന്ത്രി പറഞ്ഞു. അതിനുവേണ്ട പ്രിപ്പൈസിംഗ് ഓഫീസർമാരെ നിശ്ചയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രിപ്പൈസിംഗ് ഓഫീസർമാരെ നിയമിക്കുവാനുള്ള ഒരു പാനൽ ഹൈക്കോടതിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ടാം മാസമാണ് ഇതിന്റെ തീരുമാനമെടുത്തത്.

ശ്രീ. എൻ. ഭാസ്കരൻ നായർ: കെ.എസ്.ആർ.ടി.സി.-യിലെ കേസ് നടത്തുന്നതിനുവേണ്ടി പ്രത്യേക അഡ്വക്കേറ്റ്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കെ.എസ്.ആർ.ടി.സി. പ്രത്യേകമാണ്.

ശ്രീ. കെ. ജെ. ചാക്കോ: കോട്ടയം എം.എൽ.എ. ആയിരുന്ന ശ്രീ. എം. തോമസ്സിന് തിരുവനന്തപുരത്തേക്കുള്ള യാത്രാമധ്യേ ബസ് അപകടത്തിൽപ്പെട്ട് കാല് നഷ്ടപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ക്ലെയിം അംഗീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര തുക നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആ കേസ്സിൻമേൽ തീരുമാനമെടുത്തിട്ടുണ്ട്. എത്ര സംഖ്യയാണെന്നു പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീ. പി.പി. എസ്തോസ്: ആക്സിഡന്റ് സംഭവിക്കുന്ന പല കേസ്സുകളിലും പോലീസ് കേസ് എടുക്കുവാൻ തയ്യാറാകുന്നില്ല. അതിന്റെ ഫലമായി ഒട്ടനവധി ആക്സിഡന്റുകളെ സംബന്ധിച്ചു റിപ്പോർട്ട് ചെയ്യാത്തതുകൊണ്ട് മൂന്നുനാല് മാസക്കാലം ആശുപത്രിയിൽ കിടന്നിട്ട് ഒരു നയാപൈസപോലും കിട്ടാത്ത സാഹചര്യമുണ്ട്, അതുകൊണ്ട് അതിന്റെ റിപ്പോർട്ട് കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതിനെക്കുറിച്ച് അന്വേഷിച്ച് പ്രത്യേക നടപടി എടുക്കുന്നതിനുവേണ്ടി പ്രത്യേക സെൽ ഉണ്ടാക്കുവാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. ഇ. അഹമ്മദ്: മിക്ക ക്ലെയിംസും ഡിസ്പോസ് ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്നത് കോടതിയിൽനിന്നും ഉള്ള കാലതാമസംകൊണ്ടാണെന്നാണ് ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടുന്ന മറുപടി. അതുകൊണ്ട് ആക്സിഡന്റ്സ് കേസ്സുകളെ സംബന്ധിച്ച് കഴിയുന്നത്രവേഗം ഡിസ്പോസ് ചെയ്യുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ ആക്സിഡന്റ്സ് കേസ്സുകൾ മാത്രം കൈകാര്യം ചെയ്യാൻവേണ്ടിയാണ് പ്രത്യേക സെൽ രൂപീകരിക്കുവാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ആർ. പ്രഥാൻസിസ്: ആക്സിഡൻറ് സംഭവിച്ചു കഴിഞ്ഞാൽ ട്രൈബ്യൂണലിൽ ക്ലെയിം പെറ്റീഷൻ കൊടുക്കുന്നതിന് പാവങ്ങൾക്ക് അറിഞ്ഞുകൂടാത്തതുകൊണ്ട് മന്ത്രിമാർക്കോ ട്രാൻസ്പോർട്ട് കമ്മീഷണർക്കോ ആണ് അപേക്ഷ അയയ്ക്കുന്നത്. ഇപ്രകാരം കിട്ടുന്ന അപേക്ഷ ഇവിടെയല്ല നൽകേണ്ടതു് ഇന്ന സ്ഥലത്താണ് നൽകേണ്ടതെന്നു പറഞ്ഞുകൊണ്ട് എന്തെങ്കിലും നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രത്യേക കോടതികൾ നിശ്ചയിച്ച് വേണ്ടത്ര പ്രചാരം കൊടുക്കുവാനാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ശ്രീ. സി. എ. കുര്യൻ: ഈ അടുത്ത കാലത്ത് തമിഴ്നാട് വക ഒരു ബസ് മൂന്നാറിൽവച്ച് ഒരു കൊക്കയിൽ മറിയുകയുണ്ടായി. അപകടം സംഭവിച്ചവർക്ക് അവിടത്തെ മന്ത്രി പതിനായിരം രൂപാവീതം നഷ്ടപരിഹാരം കൊടുക്കാമെന്നു പറഞ്ഞിട്ട് ഇതേവരെ ആ നഷ്ടപരിഹാരം നൽകിയിട്ടില്ല. അതുകൊണ്ട് ഇവിടത്തെ ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി തമിഴ്നാട്ടിലെ ബന്ധപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ട് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിനുവേണ്ട ഇടപാടുകൾ ചെയ്യാം.

ശ്രീ. എം.വി. രാഘവൻ: കെ.എസ്.ആർ.ടി.സി: ബസ്സുകൾ ആളുകളെ കൊല്ലുന്ന പതിവ് ഉണ്ടല്ലോ. ഇത് സംബന്ധിച്ചുള്ള ഹർജികളെ സംബന്ധിച്ച് നേരിട്ട് തീരുമാനിക്കുകയാണോ ചെയ്യുന്നത്, അതോ ട്രൈബ്യൂണലിലേക്ക് അയയ്ക്കുകയാണോ ചെയ്യുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. തോമസ്സിന് അറുപത്തിമൂവായിരം രൂപയാണ് ഡിപ്പാർട്ടുമെൻറലായിട്ട് ആദ്യം അനുവദിച്ചത്. എന്നാൽ അദ്ദേഹം കോടതിയിൽ പോവുകയും പെറ്റീഷൻ കൊടുക്കുകയും ചെയ്തതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിച്ചിട്ട് ഹൈക്കോടതി 1,81,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. അദ്ദേഹം ഒരു വക്കീലും നിയമസഭാ സാമാജികനുമായിരുന്നതുകൊണ്ടാണ് ഇങ്ങനെ ലഭിച്ചത്. അപ്പോൾ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു് സാധാരണക്കാരായ ആളുകൾക്ക് നീതി ലഭിക്കുന്നില്ലായെന്നല്ലേ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിലവിലുള്ള നിയമം അനുസരിച്ച് ചിലപ്പോൾ കണക്കാക്കിനോക്കുമ്പോൾ കുറച്ചുതുകയേ വരികയുള്ളു. കൂടുതൽ കൊടുക്കാൻ ആഗ്രഹിച്ചാൽ കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട്. അദ്ദേഹം ഹൈക്കോടതിയിൽ പോയപ്പോൾ ഒരു ലക്ഷത്തിൽ ചിലപ്പോൾ കിട്ടിയതു് ശരിയാണ്.

## ട്രൈബൽ വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ ഉപദേശക സമിതി

* 625 [682] ശ്രീ. വി.ജെ. ജോസഫ്:

,, കെ.വി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly